I.ഇ.ബി. XII-കേരള നിയമസഭ/VII-11

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ശ്രീ. കെ.സി. ജോസഫ് നൽകിയിരിക്കുന്ന നോട്ടീസ് സബ്മിഷനായി അനുവദിക്കാം. ശ്രീ. കെ.എം. മാണി നോട്ടീസ് നൽകിയിരിക്കുന്ന ശ്രദ്ധ ക്ഷണിക്കൽ അദ്ദേഹത്തിന് അസൗകര്യമായതുകൊണ്ട് മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് സബ്മിഷനായി പിന്നീട് അനുവദിക്കുന്നതാണ്.

**ശ്രദ്ധ ക്ഷണിക്കൽ.**

റീ സർവ്വേയിൽ വന്ന അപാകതകൾ.

ശ്രീ. എ.എ. അസീസ്: സംസ്ഥാനത്ത് റീ-സർവ്വേ നടത്തിയതിൽ ഉണ്ടായ അപാകതമൂലം ആയിരക്കണക്കിന് ആളുകളുടെ കൈവശഭൂമി മറ്റാളുകളുടെ പേരിൽ കിടക്കുന്നതായിട്ടാണ് വില്ലേജാഫീസിൽ നിന്നുള്ള രേഖകളിൽനിന്ന് മനസ്സിലാകുന്നത്. വർഷങ്ങളായി ദേവസ്വം, വനം വക ഭൂമികളിൽ കരമൊടുക്കി താമസിച്ചുവരുന്ന കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിന്

അപേക്ഷ സമർപ്പിച്ചിട്ട് റീ-സർവ്വേ പ്രകാരം അവരുടെ പേരിലുള്ള വസ്തുക്കൾ മറ്റാളുകളുടെ പേരിലാണ് എന്ന കാരണത്താൽ അവർക്ക് പട്ടയം ലഭിക്കുന്നില്ല. അതുകൊണ്ട് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സ്വന്തം വസ്തു പണയപ്പെടുത്തി വായ്പയെടുക്കാൻ കഴിയുന്നില്ല. സമയബന്ധിതമായി റീസർവ്വേ നടപടികൾ പൂർത്തിയാക്കി പാവപ്പെട്ട ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): നിലവിലുള്ള റവന്യൂ റിക്കാർഡുകളുടെയും വ്യക്തമായ കൈവശരേഖകളുടെയും കൈവശ അതിർത്തിയുടേയും അടിസ്ഥാനത്തിലാണ് ഓരോ വില്ലേജിലും റീസർവ്വേ ഫീൽഡ് ജോലി പൂർത്തിയാക്കി ഒറിജിനൽ റിക്കാർഡായ ഫീൽഡ് മെഷർമെന്റ്, സ്കെച്ച്, ലാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കേരള സർവ്വേ അതിരടയാള ആക്ടിലെ സെക്ഷൻ 9(2) വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തോടനുബന്ധിച്ച് മേൽ സൂചിപ്പിച്ച പ്രകാരം തയ്യാറാക്കിയിട്ടുള്ള ഒറിജിനൽ റീസർവ്വേ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും അതുസംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ പരാതി നൽകുന്നതിനുമായി പ്രദർശിപ്പിക്കുന്നതും അതുവഴി ലഭ്യമാകുന്ന പരാതികൾ പരിഗണിച്ച് ഫീൽഡിലോ റിക്കാർഡുകളിലോ ആവശ്യമായ പരിശോധന നടത്തുകയും മാറ്റങ്ങൾ ഒറിജിനൽ റിക്കാർഡുകളിൽ വരുത്തുകയും ചെയ്യുന്നു. റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയാണ് ചെയ്യുന്നത്. റീസർവ്വേ ആരംഭിക്കുമ്പോൾത്തന്നെ നിലവിലുള്ള റവന്യൂ റിക്കാർഡുകൾ ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ ഫീൽഡ് ജോലികളും ആരംഭിക്കുന്നു.

റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ഈ വകുപ്പിൽ ഒരു പ്രശ്നമാണ്. സംസ്ഥാനത്തുടനീളം ഒന്നര ലക്ഷം റീസർവ്വേ പരാതികളാണ് നിലവിലുള്ളത്. ഇവ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജനകീയ സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത ഒരു വർഷത്തിനകം പൊതുജന പങ്കാളിത്തത്തോടുകൂടി റവന്യൂ- സർവ്വേ വകുപ്പുകൾ സംയുക്തമായി പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിച്ച് സംസ്ഥാനത്ത് എല്ലാ റീസർവ്വേ പരാതികളും പരിഹരിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ജനകീയ സർവ്വേ അദാലത്തിന് തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകളിലെ പരാതികൾ ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായി പരിഹരിക്കാൻ കഴിയും. തഹസിൽദാർമാർ, സർവ്വേ ഉദ്യോഗസ്ഥർ തുടങ്ങിയവരടങ്ങിയ ഒരു സമിതിയുടെ ശുപാർശ പ്രകാരം ജില്ലാ കളക്ടറാണ് പരാതികൾ തീർപ്പാക്കുന്നത്. ഭൂമി സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തതകളും അനധികൃത ഇടപാടുകളും ഇല്ലാതാക്കണമെങ്കിൽ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും റീസർവ്വേയും അപ്ഡേഷൻ സർവ്വേയും നടത്തേണ്ടതുണ്ട്. മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തിന്റെ മുഴുവൻ വില്ലേജുകളിലും റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള സമഗ്ര പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠനം തിരുവനന്തപുരം തൈക്കാട് വില്ലേജിൽ പൂർത്തിയായി. ഏതൊരാൾക്കും വസ്തുവിന്റെ സ്കെച്ച് 15 രൂപയ്ക്ക് ലഭിക്കുന്ന രീതിയിൽ റീസർവ്വേ റിക്കാർഡുകൾ കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. ഈ മാതൃകയിൽ അടുത്ത വർഷം തന്നെ തിരുവനന്തപുരം താലൂക്കിലെ ശേഷിക്കുന്ന 30 വില്ലേജുകളിലും റീസർവ്വേ നടത്താനായി നാലരക്കോടി

രൂപയുടെ സഹായം കേന്ദ്ര ഗവണ്മെന്റിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം വില്ലേജാഫീസും സബ് രജിസ്ട്രാർ ഓഫീസും തമ്മിൽ ബന്ധിപ്പിക്കുന്ന കംപ്യൂട്ടർ ശൃംഖലയും നിലവിൽവരും. രജിസ്ട്രേഷനോടൊപ്പം പോക്കുവരവ് നടത്താനും റിക്കാർഡുകളിൽ ഉണ്ടാകുന്ന അവ്യക്തത പൂർണ്ണമായും ഒഴിവാക്കാനും ഇതോടുകൂടി കഴിയും. സംസ്ഥാനത്തിന്റെ ഓരോ ഇഞ്ച് ഭൂമിക്കും വ്യക്തമായി റിക്കാർഡുകൾ ഉണ്ടാക്കുക എന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. അതോടൊപ്പം ഭൂമിയുടെ ഉടമസ്ഥരായ എല്ലാവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ബൃഹത് പദ്ധതിക്കാണ് സംസ്ഥാന ഗവണ്മെന്റ് രൂപം നൽകിയിട്ടുള്ളത്. റീസർവ്വേയിൽ വന്ന അപാകതമൂലം പട്ടയം ലഭിക്കാത്ത ആളുകളുടെ കാര്യത്തിൽ മുൻഗണന കൊടുക്കുന്നുണ്ടെങ്കിലും റീ സർവ്വേ പരാതികൾ പരിഹരിച്ച് ഓരോ വില്ലേജിന്റെതും പൂർത്തിയാക്കി റിക്കാർഡ് ആക്കുന്നതനുസരിച്ച് മാത്രമേ അവ പൂർണ്ണമാകുകയുള്ളൂ.

**സബ്മിഷൻ.**

(1). പട്ടികവർഗ്ഗ വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്.

ശ്രീ. കെ.സി. കുഞ്ഞിരാമൻ: പട്ടികവർഗ്ഗ വിഭാഗത്തിനുമാത്രമായി സംവരണം ചെയ്തിട്ടുള്ള 537 തസ്തികകളും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി അപേക്ഷിക്കാവുന്ന 390 തസ്തികകളും നികത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.. വി.എസ്. അച്ചുതാനന്ദൻ): പട്ടികവർഗ്ഗക്കാർക്ക് മാത്രം അപേക്ഷിക്കാവുന്ന 537 തസ്തികകളിലും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി അപേക്ഷിക്കാവുന്ന 390 തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഒഴിവുകൾ നികത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടു

വിച്ചിട്ടുണ്ട്. ഈ തസ്തികകളിലേയ്ക്കായി നിയമനം നടത്തുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ റൂൾസിന്റെ അഭാവംമൂലം പി.എസ്.സി.-ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കാത്ത തസ്തികകൾക്കുവേണ്ടി കാലതാമസം ഒഴി വാക്കാൻ സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉദ്യോഗ നിയമനങ്ങളിൽ അർഹതപ്പെട്ട സംവരണം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ തുടർച്ചയായി അവലോകനം നടത്തുകയും ഏതെങ്കിലും വിധ ത്തിലുള്ള കുറവുകൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(2). ബാരാപോൾ മിനി ജലവൈദ്യുത പദ്ധതി.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: 21 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദി പ്പിക്കാൻ കഴിയുന്ന രീതിയിൽ വിഭാവന ചെയ്തിട്ടുള്ള ബാരാപോൾ മിനി ജലവൈദ്യുത പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): തലശ്ശേരി താലൂക്കിൽ ഉൾപ്പെടുന്ന അച്ചൻകുന്ന് പഞ്ചായത്തിൽ 21 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബാരാപോൾ മിനി ജലവൈദ്യുത പദ്ധ തിയിൽനിന്ന് പ്രതിവർഷം 51 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാ നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 122 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷി ക്കുന്ന ഈ പദ്ധതി നിർമ്മാണ പ്രവർത്തനം ആരംഭിച്ച് രണ്ടര വർഷംകൊണ്ട് പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതു

സംബന്ധിച്ച് ഒരു കേസ് ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ അത് ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഇരിട്ടി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് നിലവിലുള്ള കാഞ്ഞി ലോട് 110 കെ.വി. സബ്സ്റ്റേഷനിൽനിന്ന് ലൈൻ വലിച്ച് മട്ടന്നൂർ സബ് സ്റ്റേഷൻ 110 ആക്കി ഉയർത്താനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

(3). <u>കർഷക കടാശ്വാസം</u>.

<u>ശ്രീ. കെ.സി. ജോസഫ്:</u> പാർലമെന്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാ പിച്ച 60,000 കോടി രൂപയുടെ കടാശ്വാസം എഴുതിത്തള്ളുന്നത് കേരള ത്തിലെ കർഷകർക്ക് ബാധകമാക്കാൻവേണ്ട വിവരങ്ങൾ കേന്ദ്രത്തിൽ കൊടുക്കേണ്ട അവസാന തീയതി ഇന്നാണ്. 2007 മാർച്ച് 31-ന് മുമ്പ് നൽകി യതും 2007 ഡിസംബർ 31-ന് മുമ്പ് ഓവർ ഡ്യൂ ആയതുമായ എല്ലാ കാർഷിക വായ്പയ്ക്കും ഇത് ബാധകമാണ്. മറ്റൊന്ന് മാർജിനൽ ഫാർമേഴ്സ്, സ്മാൾ ഫാർമേഴ്സ് എന്നിവർക്ക് 2007 ഡിസംബർ 31--ന് ഓവർ ഡ്യൂ ആകുകയും 2008 ഫെബ്രുവരി 29-ന് മുമ്പ് അൺ പെയ്ഡ് ആകുകയും ആണെങ്കിൽ മാത്രമേ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. കേരളത്തിലെ കൃഷിക്കാർ ഫെബ്രുവരി മാസത്തിൽ എല്ലാ കടങ്ങളും പുതുക്കി ഫ്രെഷ് ആക്കിയിരിക്കു കയാണ്. ഫെബ്രുവരി മാസത്തിൽ കടം അടച്ചവർക്ക് ആനുകൂല്യം കിട്ടിയി ല്ലെങ്കിൽ 80 ശതമാനം കർഷകർക്കും ഈ ആനുകൂല്യം ലഭിക്കുകയില്ല. ഫെബ്രുവരി മാസം 29-ന് അൺ പെയ്ഡാണെന്നുള്ള വ്യവസ്ഥ മാറ്റി 2007 ഡിസംബർ 31-ന് ഓവർ ഡ്യൂ ആയ എല്ലാവർക്കും ആനുകൂല്യം കൊടു

ക്കാനും ബാങ്കുകളുമായി ബന്ധപ്പെട്ട് വേണ്ട വിവരം ശേഖരിച്ച് കൊടുക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഇക്കാര്യത്തിൽ കേരളത്തിലെ കർഷകരെ സംബന്ധിച്ച് ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ധനകാര്യ സ്ഥാപനങ്ങൾക്ക് അവരുടെ നഷ്ടം നികത്തിക്കിട്ടുന്നതിനുള്ള കണക്കുകൾ ശേഖരിച്ച് നൽകാനാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ബാങ്കുകളുടെ കണക്ക് റിസർവ്വ് ബാങ്ക് നേരിട്ടാണ് കൊടുക്കുന്നത്. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷന്റെ കണക്കുകൾ നബാർഡ് കൈകാര്യം ചെയ്യും. അതനുസരിച്ച് നബാർഡ് കണക്ക് ചോദിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് ചർച്ച ചെയ്ത് കണക്കുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് പറയുന്നതിനു മുമ്പ് സഹകരണ വകുപ്പ് മുൻകയ്യെടുത്ത് പിഴപ്പലിശ ഒഴിവാക്കാനും റീ-ഷെഡ്യൂൾ ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 2004-ലേയും 2006-ലേയും സ്പെഷ്യൽ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ റീ-ഷെഡ്യൂൾ ചെയ്ത വായ്പകൾക്കുകൂടി നഷ്ടപരിഹാരത്തിന് അവകാശമുണ്ടെന്നുള്ള രീതിയിൽ കണക്ക് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്. ടെന്റേറ്റീവായിട്ടുള്ള കണക്ക് ഇന്ന് വൈകുന്നേരം നൽകും.

### (4) ചെങ്ങന്നൂർ-പന്തളം-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം റെയിൽവേ ലൈൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പുതിയ റെയിൽവേ ലൈനുകൾക്കു വേണ്ടി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ

പ്രൊപ്പോസലിൽ ചെങ്ങന്നൂർ-പന്തളം-അടൂർ-കൊട്ടാരക്കര- തിരുവനന്തപുരം റെയിൽവേ ലൈൻകൂടി ഉൾപ്പെടുത്തുകയും അതിന് മുന്തിയ പരിഗണന കൊടുക്കുകയും പുതിയ ലൈനിന്റെ സർവ്വേയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള 10 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. കായംകുളം-കൊട്ടാരക്കര-അടൂർ-പത്തനാപുരം-ആവണീശ്വരം റെയിൽ പാതയുടേയും എരുമേലി-പുനലൂർ-തിരുവനന്തപുരം റെയിൽപാതയുടേയും സർവ്വേ പൂർത്തിയാക്കി റെയിൽവേ ബോർഡിന് സമർപ്പിച്ചെങ്കിലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ഈ രണ്ട് ലൈനുകളും കണക്ക് ചെയ്ത് കുറച്ചുഭാഗംകൂടി കൂട്ടിച്ചേർത്ത് ചെങ്ങന്നൂർ-പന്തളം-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം പാത യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കാം. തിങ്കളാഴ്ച റെയിൽവേ ഡിവിഷൻ അധികൃതരുമായി നടത്തുന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മെമ്പറും പങ്കെടുത്ത് ഈ ആവശ്യം മുന്നോട്ടുവയ്ക്കണം.

(5) തൃശ്ശൂർ മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ അപര്യാപ്തതകൾ

ശ്രീ. എ.സി. മൊയ്തീൻ: തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വർഷങ്ങളുടെ പഴക്കമുള്ള കേരളത്തിലെ 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലേയും വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ

അവസ്ഥ വളരെ ശോചനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3 മെഡിക്കൽ കോളേജുകളിൽ 50 വീതം എം.ബി.ബി.എസ്. സീറ്റ് വർദ്ധിപ്പിക്കുകയും രണ്ട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി 5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ വിപുലീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ കോളേജുകളിലും കൂടുതൽ പി.ജി. സീറ്റ് അനുവദിച്ച സാഹചര്യത്തിൽ കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനാവശ്യമായ നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്.

(6) തദ്ദേശഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം

ശ്രീമതി പി. അയിഷാ പോറ്റി: നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് പാവപ്പെട്ട ആളുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഭവന നിർമ്മാണത്തിന് കൊടുത്തുകൊണ്ടിരിക്കുന്ന ധനസഹായം അടിയന്തിരമായി വർദ്ധിപ്പിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് പരിഗണിച്ച് പതിനൊന്നാം പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ഭവനനിർമ്മാണ സബ്സിഡി പൊതു വിഭാഗത്തിന് 50,000 രൂപയായും പട്ടികജാതി വിഭാഗത്തിന് 75,000 രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന്

ഒരുലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ ഇത് ബാധകമായിരിക്കും.

(7) സംസ്ഥാനത്തെ മോഷണവും കവർച്ചയും

ശ്രീ. കെ. ബാബു: കേരളത്തിൽ പൊതുവേയും തൃപ്പൂണിത്തുറയിൽ പ്രത്യേകിച്ചും തുടർച്ചയായി നടക്കുന്ന മോഷണവും കവർച്ചയും തടയുന്നതിന് കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മോഷണക്കേസ്സുകളിൽ കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മോഷണ കേസ്സുകൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അവിടെ നൈറ്റ് പട്രോളിംഗ് ടീമിന്റെയും അതാത് മേഖലകളിലെ റെസിഡൻഷ്യൽ അസോസിയേഷൻ അംഗങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. രാത്രികാലങ്ങളിൽ പട്രോളിംഗിനുവേണ്ടി യൂണിഫോമിലല്ലാത്ത പോലീസ് ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ട്. നിരന്തരവും ചിട്ടയായതുമായ പ്രവർത്തനത്തിന്റെ ഫലമായി തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനിൽ കേസ്സുകളുടെ എണ്ണത്തിൽ കുറവുവന്നിട്ടുണ്ട്.

(8) മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ

ശ്രീ. വി. ശശികുമാർ: മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുവേണ്ടി എൻ.സി.ഡി.സി യിൽ നിന്ന് ആവശ്യപ്പെട്ടിരുന്ന 6.14 ലക്ഷം രൂപ ലഭ്യമാക്കാനും ഈ സ്ഥാപനം എടുത്തിട്ടുള്ള

ഔട്ട്സ്റ്റാന്റിംഗ് ലോണുകൾ ഗവൺമെന്റ് ഷെയർ ആക്കി മാറ്റാനുമുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 1981-ൽ വ്യാവസായി കാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ച മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ 1993-1994 സാമ്പത്തിക വർഷത്തിൽ മാത്രമാണ്. ലാഭത്തിൽ പ്രവർത്തിച്ചിരുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നടപ്പിലാക്കിയ സാമ്പത്തിക അച്ചടക്കത്തിന്റെ ഫലമായി മില്ലിന്റെ നഷ്ടം കുറയ്ക്കാൻ സാധിച്ചു. ടെക്സ്റ്റയിൽ വ്യവസായത്തിലുണ്ടായ രൂക്ഷമായ പ്രതിസന്ധി കാരണം മില്ലിന്റെ ക്രയശേഷി അവതാളത്തിലായി. മില്ലിന്റെ നഷ്ടം കൂടുന്നതിനാൽ മൂലധന വായ്പ വർദ്ധിപ്പിക്കാൻ ബാങ്കുകാർ തയ്യാറായില്ല. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ നവീകരണ പദ്ധതിക്ക് 6.47 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി എൻ.സി.ഡി.സി-ക്ക് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.സി.ഡി.സി-യിൽ നിന്ന് ലോൺ ലഭിക്കുന്ന മുറയ്ക്ക് മില്ലിന്റെ ആധുനികവൽക്കരണം തുടങ്ങുന്നതാണ്. മില്ലിന്റെ പേരിൽ ബാദ്ധ്യതയായിട്ടുള്ള വിഹിതം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ സർക്കാർ ഷെയറാക്കി മാറ്റുന്നതിനുള്ള മിൽ ഭരണ സമിതിയുടെ ശുപാർശ പരിശോധിച്ചുവരുന്നു.

(9) നെല്ലനാട് മുനിസിപ്പാലിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ജെ. അരുന്ധതി: വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്ത് മനിസിപ്പാലിറ്റിയാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കി ഉയർത്തുന്നത് സംബന്ധിച്ച യാതൊരു തീരുമാനവും ഗവൺമെന്റ് എടുത്തിട്ടില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുൻപായി ഇതുസംബന്ധിച്ച കാര്യങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്യും. അപ്പോൾ നെല്ലനാട് പഞ്ചായത്ത് മുനിസിപ്പാലിറ്റി ആക്കാനുള്ള സാദ്ധ്യത പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(10) തൃക്കുന്നപ്പുഴ-വലിയഴീക്കൽ പി.ഡബ്ള്യു.ഡി റോഡ്

ശ്രീ. ബി. ബാബു പ്രസാദ്: സുനാമി നിർമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി ആറ് കോടി രൂപ എ.ഡി.ബി. വായ്പ അനുവദിച്ചിരുന്ന ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡ് പുനർ നിർമ്മിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡിന്റെ പണി പി.ഡബ്ള്യു.ഡി -ക്ക് നേരിട്ട് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യമാണുള്ളത്. റോഡിന്റെ പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ സുനാമി റീഹാബിലിറ്റേഷൻ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റോഡിന്റെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നവിധത്തിലാണ് സ്കീം തയ്യാറാക്കിയിട്ടുള്ളത്. ഇതിന് കാബിനറ്റ് സബ് കമ്മിറ്റി ഭരണാനുമതി കൊടുത്തിട്ടുണ്ട്. മൂന്ന് കോടി രൂപയാണ് ഇതിന്റെ ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതി 2009 മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കത്തക്ക വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

(11) പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട കോച്ച് ഫാക്ടറിക്ക് വൈദ്യുതി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ചന്ദ്രൻ : സംസ്ഥാനത്ത് ഒട്ടനവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചിരിക്കുകയാണ് അതിലൊന്നാണ് പാലക്കാട് ആരംഭിക്കുന്ന കോച്ച് ഫാക്ടറി . ഈ വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പാലക്കാട് ആരംഭിക്കാൻ പോകുന്ന കോച്ച് ഫാക്ടറിക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഞ്ചിക്കോട്ടുള്ള 220 കെ.വി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്ത് 33 കെ.വി സബ്സ്റ്റേഷനുകൾക്ക് അനുമതി കൊടുത്തിട്ടുണ്ട്. ഉൽപ്പാദന-പ്രസരണ മേഖലയിൽ അതീവ ശ്രദ്ധയുണ്ടായാൽ മാത്രമേ വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളു.

(12) വൈദ്യുതി ബോർഡിലെ ശമ്പള പരിഷ്ക്കരണം മുൻകാല പ്രാബല്യത്തോടെ പെൻഷൻകാർക്കും ബാധകമാക്കണമെന്ന ആവശ്യം

ശ്രീ. എം. മുരളി : വൈദ്യുതി ബോർഡിൽ ഏറ്റവും ഒടുവിൽ നടത്തിയ ശമ്പള പരിഷ്ക്കരണത്തിന് 2003 ജൂലൈ ഒന്ന് മുതലുള്ള മുൻകാല പ്രാബല്യമാണ് നൽകിയിട്ടുള്ളത്. ഈ മുൻകാല പ്രാബല്യം പെൻഷൻകാർക്കും അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : 2003 ആഗസ്റ്റ് മുതൽ മുൻകാല പ്രാബല്യത്തോടുകൂടി വൈദ്യുതി ബോർഡിൽ. 2006-ൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണവും നടപ്പിലാക്കുന്നതിനുള്ള ബോർഡിന്റെ യോഗ തീരുമാനം ധനകാര്യ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതി ബോർഡിലെ ശമ്പള പരിഷ്ക്കരണം പ്രാബല്യത്തിൽ വന്ന തീയതി മുതൽ പെൻഷൻ പരിഷ്ക്കരണവും നടപ്പാക്കുന്നതായിരിക്കും.

(13) പുനലൂർ ട്രാവൻകൂർ പ്ളൈവുഡ് ഫാക്ടറി

ശ്രീ.കെ. രാജു: പൂട്ടിക്കിടക്കുന്ന പുനലൂർ ട്രാവൻകൂർ പ്ളൈവുഡ് ഫാക്ടറിയിൽ നിന്ന് വി.ആർ.എസ്. നൽകി പിരിച്ചുവിട്ട തൊഴിലാളികൾക്ക് ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകണം. പി.എഫ്. സെറ്റിൽ ചെയ്തെങ്കിലേ പെൻഷൻ ലഭിക്കുകയുള്ളൂ. ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിനോ മറ്റേതെങ്കിലും വ്യവസായം തുടങ്ങുന്നതിനോ ഉള്ള നടപടിയും സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം) : സോഫ്ട്വുഡ്ഡിന്റെ ദൗർലഭ്യവും തുടർച്ചയായ നഷ്ടവുംമൂലം 10-11-2002 മുതൽ പുനലൂർ ട്രാവൻകൂർ പ്ളൈവുഡ് ഫാക്ടറിയുടെ പ്രവർത്തനം നിർത്തിയതിനെത്തുടർന്ന് 255 പേർക്ക് വി.ആർ.എസ്. നൽകുകയും 21 പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയുമുണ്ടായി. വി.ആർ.എസ്. വാങ്ങി പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും പി.എഫ്. കുടിശ്ശികയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന്

നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പനിവക സ്ഥലം അനുയോജ്യമായ മറ്റേതെങ്കിലും പ്രോജക്ടുകൾക്കായി ഉപയോഗിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(14) കഴക്കൂട്ടം കേന്ദ്രമാക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

ശ്രീ. എം.എ. വാഹീദ് : വ്യാവസായിക വളർച്ചയും ഫ്ളാറ്റുകളുടെ ബാഹുല്യവും കണക്കിലെടുത്ത് കഴക്കൂട്ടത്ത് ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണം. ടെക്നോ പാർക്ക്, കിൻഫ്ര എന്നീ സ്ഥാപനങ്ങൾ ഇതിനാവശ്യമായ സ്ഥലവും ഭൗതിക സൗകര്യങ്ങളും കൊടുക്കാൻ തയ്യാറാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ): പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ കഴക്കൂട്ടം ഉൾപ്പെടുന്നില്ലെങ്കിലും കഴക്കൂട്ടത്തെ നിലവിലുള്ള പ്രാധാന്യം കണക്കിലെടുത്ത് അവിടെ ഒരു സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതിനാവശ്യമായ സ്ഥലവും മറ്റ് സജ്ജീകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(15) എസ്റ്റേറ്റ് റോഡുകൾ പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത

ശ്രീ.എസ്. രാജേന്ദ്രൻ : തോട്ടം മേഖലയിലെ റോഡുകൾ ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകിട്ടാത്തതുകാരണം പദ്ധതി വിഹിതം ഉപയോഗിച്ച് പുതുക്കിപ്പണിയുന്നതിനോ ടാറിംഗ് ചെയ്യുന്നതിനോ കഴിയാത്ത സാഹചര്യമുണ്ട്. ചില മേഖലകളിൽ വിട്ടുകിട്ടാതെതന്നെ പ്രവർത്തി

ചെയ്യുന്നുമുണ്ട്. ഇക്കാര്യത്തിൽ ഒരേതരത്തിലുള്ള തീരുമാനമെടുത്തുകൊണ്ട് റോഡുകൾ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : നിയമ പ്രകാരം തോട്ടം മേഖലയിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിനുശേഷം മാത്രമേ പദ്ധതി വിഹിതം ഉപയോഗിച്ച് ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ തോട്ടം മേഖലയിലെ പൊതു സ്ഥാപനങ്ങളുടെ കാര്യത്തിൽ പദ്ധതി വിഹിതം ഉപയോഗിച്ച് പ്രവൃത്തികൾ നടത്താവുന്നതാണ്.

(16) ബാബുവിന്റെ തിരോധാനം

ശ്രീ. വി.എസ്. സുനിൽ കുമാർ : ചേർപ്പ് മണ്ഡലത്തിലെ വല്ലച്ചിറ പഞ്ചായത്തിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട ബാബു എന്ന ഓട്ടോറിക്ഷ ഡ്രൈവറെ 2008 ഫെബ്രുവരി 28-ാം തീയതി മുതൽ ദുരൂഹ സാഹചര്യത്തിൽ കാണാതായിരിക്കുന്നു. ലോക്കൽ പോലീസിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഒരു പ്രത്യേക ടീമിനെ നിയോഗിച്ചോ ക്രൈം ബ്രാഞ്ചിനെ അന്വേഷിക്കാൻ ഏല്പിച്ചോ ബാബുവിനെ കണ്ടെത്താൻ സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) : 2008 ഫെബ്രുവരി 28-ാം തീയതി ഓട്ടോറിക്ഷയുമായി സവാരിക്കുപോയ വല്ലച്ചിറ പടിഞ്ഞാറേപുരയ്ക്കൽ ബാബു മടങ്ങിവരാത്തതിനെത്തുടർന്ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ചേർപ്പ് പോലീസ് സ്റ്റേഷനിൽ മാൻ മിസ്സിംഗിന് കേസ് രജിസ്റ്റർ ചെയ്ത്

ഊർജ്ജിതാന്വേഷണം നടത്തിവരികയാണ്. കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ഫോട്ടോ സഹിതം പരസ്യം നൽകിയിട്ടുമുണ്ട്. പ്രത്യേക ടീമിനെ നിയോഗിച്ചോ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചോ അന്വേഷിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

**ക്രമപ്രശ്നം**

ശ്രീ. കെ.കെ. ഷാജു : സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ 16-8-2006 മുതൽ 31-10-2007 വരെയുള്ള കാലയളവിൽ പത്ര-ദൃശ്യ മാധ്യമങ്ങളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന 11-3-2008-ലെ 1612-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ് നിയമ വകുപ്പുമന്ത്രി മറുപടി തന്നിട്ടുള്ളത്. എന്നാൽ വിവരാവകാശ നിയമ പ്രകാരം മനുഷ്യാവകാശ കമ്മിഷനോട് ഇക്കാര്യം ചോദിച്ചപ്പോൾ 125 കേസ്സുകൾ എടുത്തിട്ടുണ്ടെന്നുള്ള വിവരം വളരെ കൃത്യമായി അറിയിക്കുകയുണ്ടായി. മന്ത്രിയുടെ ഭാഗത്തുനിന്നുമുള്ള ഈ നടപടി ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. നിയമസഭയിൽ ബോധപൂർവം വിവരങ്ങൾ മറച്ചുവയ്ക്കുന്ന തരത്തിലുള്ള നടപടികളാണ് ഉണ്ടായിരിക്കുന്നത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) : 11-ാം തീയതി നൽകിയ ഉത്തരത്തിൽ ഒരു വിവരവും മറച്ചുവച്ചിട്ടില്ല. 'എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്' എന്ന് എണ്ണമല്ല കേസ്സുകളുടെ വിശദാംശങ്ങളാണ് ചോദിച്ചത്. ദുരുദ്ദേശപരമായി പ്രശ്നങ്ങൾ ട്വിസ്റ്റ് ചെയ്താണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 11-ാം തീയതി ചോദ്യം ചോദിച്ചു, 12-ാം തീയതി

വിവരം ശേഖരിച്ചു, 13-ാം തീയതി നൽകി. ഇപ്പോൾ ഈ ചോദ്യം സംബന്ധിച്ച മുഴുവൻ വിവരങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാണ്.

മി. സ്പീക്കർ : ഇക്കാര്യം ചെയർ പരിശോധിച്ച് നാളെ കൃത്യമായി പറയാം.

**റൂളിംഗ്**

ധനവിനിയോഗ ബില്ലുകളുടെ മൂന്നാം വായന

മി. സ്പീക്കർ: ധനവിനിയോഗ ബില്ലുകളുടെ മൂന്നാം വായനയിൽ ചർച്ച ആകാമോ എന്ന പ്രശ്നത്തെ സംബന്ധിച്ച് ഇന്നലെ ഇവിടെയൊരു വിഷയം ഉന്നയിച്ചു. കേരള ധനവിനിയോഗ ബില്ലിന്റെ മൂന്നാം വായനയിൽ സംസാരിക്കാൻ അനുവാദം നൽകണമെന്ന് പ്രതിപക്ഷത്തെ ഒരു അംഗം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ധനവിനിയോഗ ബില്ലിന്റെ മൂന്നാം വായനയിൽ അപ്രകാരം ഒരു ചർച്ച അനുവദനീയമല്ലെന്നും അത് കീഴ്വഴക്കങ്ങൾക്ക് എതിരാണെന്നും ഭരണപക്ഷത്തുനിന്ന് അഭിപ്രായം ഉണ്ടായി. അത് പരിശോധിച്ച് റൂളിംഗ് നൽകാമെന്ന് ചെയർ അറിയിച്ചിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ബില്ലുകളുടെ മൂന്നാം വായനയിൽ ലഘു ചർച്ച അനുവദിക്കുന്നതിന് നിയമസഭാ ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഈ ഘട്ടത്തിൽ ബില്ലിനെപ്പറ്റിയുള്ള ചർച്ച പൊതു സ്വഭാവത്തിലുള്ളതായിരിക്കണം; ബില്ലിന് അനുകൂലമായോ പ്രതികൂലമായോ മാത്രമേ സംസാരിക്കാൻ പാടുള്ളൂ. ഈ രീതിയിലുള്ള ചർച്ച സാധാരണ ബില്ലുകളുടെ കാര്യത്തിൽ അനുവദിച്ചുവരുന്നുമുണ്ട്. എന്നാൽ ഈ ചർച്ച ധനവിനിയോഗ ബില്ലിന് ആകാമോയെന്നാണ് അടുത്തതായി പരിശോധിക്കേണ്ടത്. സാധാരണ ബില്ലുകളുടെ രണ്ടാം വായനയിൽ ബിൽ

പരിഗണനയ്ക്കെടുക്കുന്ന പ്രമേയം അവതരിപ്പിച്ചതിനുശേഷമുള്ള അതേ നടപടിക്രമങ്ങൾ തന്നെയാണ് ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുമ്പോഴും സ്വീകരിച്ചുവരുന്നത്. നിയമസഭാ ചട്ടങ്ങൾ (76, 92, 153) അനുശാസിക്കുന്നതും അങ്ങനെതന്നെയാണ്. അതിനാൽ മൂന്നാം വായനയിൽ ചർച്ച അനുവദിക്കുന്നതിൽ അപാകതയില്ല. എന്നാൽ കീഴ്‌വഴക്കങ്ങൾ പരിശോധിച്ചതിൽ 1976-നുശേഷം ഇത്തരമൊരു നടപടിക്രമം ഉണ്ടായതായി കാണുന്നില്ല. ധനവിനിയോഗ ബില്ലുകളുടെ കാര്യത്തിൽ ഒരു വ്യത്യാസമുണ്ടെന്നുള്ളത് മറന്നുകൂടാ. നിയമസഭ പാസ്സാക്കിയ തുക സഞ്ചിതനിധിയിൽനിന്ന് ചെലവഴിക്കുന്നതിന് ഒരു ബിൽ അനിവാര്യമായതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 204 പ്രകാരമാണ് ധവിനിയോഗ ബിൽ അവതരിപ്പിക്കുന്നത്. ഒരിക്കൽ സഭ വിശദമായി ചർച്ച ചെയ്ത് പാസ്സാക്കിയത് വീണ്ടും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതില്ല. അതുകൊണ്ടുതന്നെയാണ് ധനവിനിയോഗ ബില്ലുകൾക്ക് ഒരു മണിക്കൂർ മാത്രം നീക്കിവയ്ക്കുന്നത്. ഈ സാഹചര്യത്തിൽ മൂന്നാം വായനയിൽ ഒരു ചർച്ചയുടെ സാംഗത്യം കുറവാണെന്ന് കാണാവുന്നതാണ്. ആയതിനാൽ ധനവിനിയോഗ ബില്ലുകളുടെ മൂന്നാം വായനയിൽ ചർച്ച നിരുത്സാഹപ്പെടുത്തേണ്ട താണെന്നും ഇതൊരു കീഴ്‌വഴക്കമാക്കേണ്ടതില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

## റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (1) **2007-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ**

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : 2007-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ : പ്രമേയത്തെ പിൻതാങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : ബില്ലിനെ എതിർക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഈ സഭയിൽ ഇരിക്കുന്ന എല്ലാപേരുംതന്നെ ഒരു ദിവസം മരിച്ചുപോകുന്നവരാണ്. ജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ജീവിതത്തിനപ്പുറത്ത് ഏതോ ജതൂഗൃഹംപോലെയാണ് മരണം. ജീവിച്ചിരിക്കുന്ന നമുക്ക് ഒരു റൈറ്റ് ഉണ്ട്, പക്ഷേ മരണപ്പെട്ടുകഴിഞ്ഞാൽ ആഗ്രഹങ്ങളും ഇംഗിതങ്ങളും ആദർശങ്ങളുമൊക്കെ അതോടെ മരണപ്പെടുന്ന അവസ്ഥയാണ്. നിത്യ ജീവിതത്തിൽ കണ്ട കയ്ക്കുന്ന കാഴ്ചകളും അനുഭവങ്ങളുമാണ് എന്നെ ഈ നിയമനിർമ്മാണത്തിലേയ്ക്ക് നയിച്ചത്. ഈ നിയമം ഒരു വിശ്വാസിയും ഒരു

അവിശ്വാസിയുമടക്കം എല്ലാവരുടേയും വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്നതാണ്. മരണാനന്തര ജീവിതബന്ധിയായ പ്രാകൃത മതബോധമായിരുന്നു മൃതദേഹ സംസ്കരണത്തിന് മനുഷ്യ സമൂഹത്തെ പ്രേരിപ്പിച്ചത്. മരണാനന്തര ജനങ്ങളെ സംബന്ധിച്ച് മാത്രമല്ല നേത്രദാനം, അവയവദാനം, മൃതദേഹം വൈദ്യ പഠനത്തിന് വിട്ടുകൊടുക്കൽ എന്നിവ മരണാനന്തരം ഉറപ്പുവരുത്തുന്ന ഒരു നിയമമാണിത്. മരണത്തിനുമുമ്പേ ഒരാളെ പിന്തുടർച്ചാവകാശിയായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇത് വ്യക്തിയോ സംഘടനയോ ആകാം. ഇത്തരക്കാർ ഇത് ലംഘിക്കുകയാണെങ്കിൽ പതിനായിരം രൂപയിൽ കുറയാത്ത പിഴയോ മൂന്ന് മാസത്തിൽ കുറയാത്ത തടവോ രണ്ടുംകൂടിയോ നൽകുന്നതിന് ഈ നിയമം ശിക്ഷ കല്പിക്കുന്നു. ഈ നിയമം നടപ്പിലാക്കിയാൽ സർക്കാരിന് യാതൊരു സാമ്പത്തികബാധ്യതയും വരുന്നതല്ല. ആ രീതിയിലാണ് ഈ നിയമം നിർമ്മിച്ചിരിക്കുന്നത്. ഏതൊരു പൗരനും താൻ യാതൊരു മതവിഭാഗത്തിൽ പെട്ടവനായാലും മതബന്ധിതമായ ചടങ്ങുകൾ ഉപേക്ഷിച്ച് തന്റെ മൃതദേഹം മതാതീത മാനവികതയോടെ സംസ്കരിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാനാണ് ഈ നിയമം. നവോത്ഥാന നായകൻമാരുടെ സ്വപ്നങ്ങൾ വാടാൻ തുടങ്ങിയ ഈ കാലഘട്ടത്തിൽ ഈ ബില്ലിന് പ്രസക്തി ഏറെയാണ്. നവോത്ഥാന നായകൻമാരിൽ അഗ്രസ്ഥാനിയായ ശ്രീനാരായണ ഗുരുദേവൻ പറഞ്ഞത് മരിച്ചുകഴിഞ്ഞാൽ മൃതദേഹം ചക്കിലിട്ട് ആട്ടി സസ്യജാലങ്ങൾക്ക് വളമായി നൽകുക എന്നാണ്. ഇത്തരത്തിൽ പ്രതികരിച്ച നവോത്ഥാന നായകൻമാരുടെ മണ്ണിൽനിന്ന് പുരോഗമന വാദികളെ അവരുടെ ഇംഗിതത്തിന് എതിരായി സംസ്കാരം ചെയ്യുക എന്നുള്ളത് തികച്ചും അവരോടും സമൂഹത്തോടുമുള്ള നിന്ദയാണ്. ഈ ബിൽ

നിയമസഭയിൽ സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് ഈ സഭയിലെ മുൻ അംഗമായ മത്തായി ചാക്കോയുടെ മരണാനന്തര വിവാദങ്ങൾ നടന്നത്. ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള വിവാദങ്ങൾ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാൻ കഴിയും. മതശ്രേഷ്ഠരും അതുപോലുള്ള ആളുകളുമായുള്ള ഇത്തരത്തിലുള്ള സംവാദങ്ങളും അവസാനിക്കും. ഈ നിയമസഭയിൽ അംഗമായ സഖാവ് വി.എൻ. വാസവന്റെ സമയോചിതമായ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ മഹാനായ എഴുത്തുകാരനായ പൊൻകുന്നം വർക്കിയുടെ ജഡം ആ മനുഷ്യന്റെ ഇംഗിതത്തിനെതിരായി ഇന്ന് പള്ളിപ്പറമ്പിൽ കിടന്നേനെ.മൃതദേഹ സംസ്ക്കരണം കാലദേശ വംശ- മത -ജാതി വിശ്വാസങ്ങളെ ആശ്രയിച്ച് വിഭിന്നമായ രീതിയിൽ പരിണാമങ്ങളോടെയും പരിവർത്തനങ്ങളോടെയും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. വിവിധ ജാതി മതസ്ഥർ പരസ്പര വിരുദ്ധവും വിചിത്രവുമായ രീതികളിൽ അന്ധവിശ്വാസ ജടിലതയാർന്നതും പണച്ചെലവ് ഏറിയതുമായ ചടങ്ങുകളോടെ മൃതദേഹ സംസ്ക്കരണം നടത്തുന്നതിനെ നിരുത്സാഹപ്പെടുത്തുവാൻ ഉത്പതിഷ്ണുക്കളും നവോത്ഥാന നായകന്മാരും ശ്രമിച്ചിട്ടുണ്ടെങ്കിലും മരണാനന്തരം അവരുടെപോലും മൃതദേഹങ്ങൾ അവർ ഉയർത്തിപ്പിടിച്ച ധാർമ്മിക നൈമികതയും മതനിരപേക്ഷ ദർശനങ്ങളും ജീവിത ശൈലിയും ബലികഴിച്ച് തികഞ്ഞ മതനിഷ്ഠയോടെ ബന്ധുമിത്രാദികളുടെ ഇച്ഛാനുസരണം നടത്തിവരുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെ നിരാസവും അപഹസിക്കലുമായതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഏത് രാഷ്ട്രീയ പ്രസ്ഥാനമായാലും രാഷ്ട്രീയത്തെ മതത്തിൽ നിന്ന് മാറ്റിനിർത്തുന്നതാണ് നമ്മുടെ സമൂഹത്തിന് ഉചിതം. ജനാധിപത്യത്തിന് അനുരോധമായി ഇത്തരത്തിലുള്ള ഇടപെടലുകൾ നമ്മുടെ

സമൂഹത്തെ കലുഷിതമാക്കുമെന്നതിനാൽ അത് അവസാനിപ്പിക്കുന്നതിനു വേണ്ടിയാണ് ഇത്തരം ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഈ വിഷയത്തെ സംബന്ധിച്ചുള്ള വിശദമായ ചർച്ച പിന്നീട് നടത്താം.

(ചർച്ച തുടരും)

## (2) **2007-ലെ കേരള കുടിപ്പള്ളിക്കൂടം (നിലത്തെഴുത്ത്) അദ്ധ്യാപകരുടേയും പ്രീപ്രൈമറി അദ്ധ്യാപകരുടേയും ക്ഷേമനിധി ബിൽ**

ശ്രീ. ബി. ബാബു പ്രസാദ്: 2007-ലെ കേരള കുടിപ്പള്ളിക്കൂടം (നിലത്തെഴുത്ത്) അദ്ധ്യാപകരുടേയും പ്രീപ്രൈമറി അദ്ധ്യാപകരുടേയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കുടിപ്പള്ളിക്കൂടം (നിലത്തെഴുത്ത്) അദ്ധ്യാപകരുടേയും, പ്രീപ്രൈമറി അദ്ധ്യാപകരുടേയും അംഗസംഖ്യ വളരെ പരിമിതമായതിനാൽ ക്ഷേമനിധി രൂപീകരണം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. ഇത്തരക്കാരെ കേരള കൈത്തൊഴിലാളി- വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പെൻഷൻ അനുവദിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതിനാൽ ഈ ബില്ലിനോട് യോജിക്കാൻ കഴിയില്ല. പ്രമേയം പിൻവലിക്കണം.

ശ്രീ. ബി. ബാബു പ്രസാദ്: ഐ.എ.എസ്, എഞ്ചിനീയറിംഗ്, എൽ.എൽ.ബി. തുടങ്ങിയ ഡിഗ്രികൾ സമ്പാദിച്ച് വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് വർഷങ്ങൾക്കുമുമ്പ് ഓലയും നാരായവും വച്ച് ആദ്യാക്ഷരങ്ങളുടെ അറിവ് പകർന്നുകൊടുത്ത നിലത്തെഴുത്താശാന്മാർ വളരെ തുച്ഛമായ വരുമാനംകൊണ്ട് ദാരിദ്ര്യത്തിലും പരിതാപകരമായ നിലയിലുമാണ് ഇന്ന് കഴിഞ്ഞുകൂടുന്നത്. മെയിന്റനൻസ് ഗ്രാന്റായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി 150 രൂപയാണ് അവർക്ക് നൽകിവരുന്നത്. ഇതുകൂടാതെ സർക്കാരിൽ നിന്ന് യാതൊരുവിധ ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിലുൾപ്പെടുത്തി അവർക്ക് പെൻഷൻ അനുവദിക്കുന്നതാണെന്ന് പറയുന്നത് നീതിരഹിതമാണ്. തലമുറകളോട് അവർ ചെയ്ത ദൈവീക നിയോഗം പോലുള്ള സേവനം കണക്കിലെടുത്ത് അവർക്ക് മാത്രമായി പ്രത്യേക ക്ഷേമനിധി രൂപീകരിച്ച് മുൻകാല പ്രാബല്യത്തോടുകൂടി ആനുകൂല്യങ്ങൾ നൽകണം.

(ചർച്ച തുടരും)

**ക്രമപ്രശ്നം**

ശ്രീ. ജി. കാർത്തികേയൻ: ഇരുപതോളം സ്വകാര്യ ബില്ലുകളാണ് ഇന്ന് സഭയിലെടുക്കേണ്ടതായിട്ടുള്ളത്. മണിക്കൂറുകൾ അദ്ധ്വാനിച്ച് മെമ്പർമാരുണ്ടാക്കി അവതരിപ്പിക്കുന്ന ബില്ലുകൾക്ക് യാതൊരുവിധ ഗൗരവവും സഭയിൽ കിട്ടുന്നില്ല. ഇതിലൂടെ മെമ്പർമാരുടെ അദ്ധ്വാനവും സഭയുടെ സമയവും പാഴാവുന്നതോടൊപ്പം കോടിക്കണക്കിന് രൂപ ചെലവാകുകയുമാണ്. അതുകൊണ്ട് ഒന്നുകിൽ ഈ ബില്ലുകൾക്ക്

അർഹമായ പ്രാധാന്യം ലഭിക്കണം അല്ലെങ്കിൽ നിയമസഭയുടെ സമയം പാഴാകാത്തവിധത്തിൽ മറ്റ് ബിസിനസ്സുകൾക്കായി ചെലവഴിക്കണം. ഇക്കാര്യത്തിൽ ചെയറിൽ നിന്ന് റൂളിംഗ് ഉണ്ടാവണം.

**റൂളിംഗ്**

മി. സ്പീക്കർ : ഇതേക്കുറിച്ച് ചെയർ ഒരു വട്ടം ബന്ധപ്പെട്ടവരുമായി സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. അടുത്ത സഭയിൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതാണ്.

(3) **2007-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ**

ശ്രീ. പി. ജയരാജൻ : 2007-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സി.ആർ.പി.സി.കേന്ദ്ര ആക്ടാണ്. അതിൽ വരുത്തേണ്ട ഭേദഗതിയെന്ന നിലയിലാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇക്കാര്യം ഭരണഘടനാപരമായി പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. ഈ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുവാദം വാങ്ങിയല്ല ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. നിയമസഭയ്ക്ക് മാത്രമായി ഇത് പാസ്സാക്കാൻ കഴിയുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. പി. ജയരാജൻ: വളരെ പ്രധാനപ്പെട്ട ഒരു ബില്ലായതിനാൽ ആവശ്യമായ ഭരണഘടനാ സംരക്ഷണം നൽകി ഈ ബിൽ നിയമമാക്കാൻ ഗവൺമെന്റ് തയ്യാറാകണം. കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യൂവറിലെ 161, 205 എന്നീ സെക്ഷനുകൾക്കുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. സെക്ഷൻ 161 സംബന്ധിച്ച് അന്വേഷണോദ്യോഗസ്ഥൻ പലപ്പോഴും സാക്ഷികളിൽനിന്നും മൊഴിയെടുക്കുമ്പോൾ യഥാർത്ഥത്തിൽ സാക്ഷികൾ പറയുന്ന കാര്യങ്ങളല്ല റിക്കാർഡ് ചെയ്യുന്നത്. അന്വേഷണോദ്യോഗസ്ഥൻ മറ്റ് പല കാര്യങ്ങളും എഴുതിച്ചേർക്കുന്നതായി പരാതികളുണ്ട്. അന്വേഷണോദ്യോഗസ്ഥന്റെ ദു:സ്വാധീനത്തിന് വിധേയമായി സാക്ഷികളുടെ മൊഴിയിൽ മാറ്റം വരുത്തുന്നത് തെറ്റാണ്. ഒരു കേസുമായി ബന്ധപ്പെട്ട് അന്വേഷണം തുടങ്ങുമ്പോൾത്തന്നെ യഥാർത്ഥ കാര്യങ്ങൾ രേഖപ്പെടുത്തുകയും അത് മജിസ്ട്രേറ്റിന് കൈമാറുന്ന സ്ഥിതിയുമുണ്ടാകണം. അന്വേഷണോദ്യോഗസ്ഥൻ കേസ് ഡയറിയിൽ തന്റെ ഇംഗിതത്തിനനുസരിച്ചുള്ള കാര്യങ്ങളാണ് രേഖപ്പെടുത്തുന്നത്. മൊഴികൾ അടിയന്തിരമായും റിക്കാർഡ് ചെയ്തിട്ട് മജിസ്ട്രേറ്റിന് കൊടുക്കുന്നത് അന്വേഷണം സത്യസന്ധമായും സുതാര്യമായും നടത്തിയെന്ന് ബോദ്ധ്യപ്പെടുത്താൻ ഉതകും. സെക്ഷൻ 205 അനുസരിച്ച് പ്രതികൾ കേസിന്റെ ഹിയറിംഗുള്ള ദിവസവും കോടതിയിൽ ഹാജരാകണമെന്ന് നിർബന്ധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയുടെ ഒരു വിധി 2002-ൽ വരികയും അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ ക്രിമിനൽ കോടതിയിൽ പോവുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്താൻ യാതൊരു തടസ്സവുമില്ല. (ചർച്ച തുടരും)

## (4) 2007-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2007-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി നിർദ്ദേശം സ്വകാര്യ ബില്ലായി കൊണ്ടുവന്നിട്ടുള്ളത്. അത് സർക്കാർ പരിശോധിച്ചിട്ട് ഈ നിർദ്ദേശം തൽക്കാലം അംഗീകരിക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പഞ്ചായത്ത് റോഡുകളിൽ നിന്ന് 3 മീറ്റർ അകലത്തിൽ മാത്രമേ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പാടുള്ളൂ എന്നാണ് പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 (ബി) അനുസരിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഗസറ്റിൽ നോട്ടിഫൈ ചെയ്ത പഞ്ചായത്ത് റോഡുകൾക്ക് മാത്രമേ 3 മീറ്റർ അകലത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാവൂ എന്ന വ്യവസ്ഥ നിഷ്ക്കർഷിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് ഹൈക്കോടതി വിധി. ധാരാളം അനധികൃത കെട്ടിടങ്ങൾ റോഡിനിരുവശങ്ങളിലും ഉണ്ടാകുന്നതുമൂലം റോഡിന്റെ വികസനത്തിനും വിപുലീകരണത്തിനും വളരെ പ്രയാസങ്ങൾ അനുഭവപ്പെടുകയാണ്. ഇത് മൂലം സർക്കാരും ജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. (ചർച്ച തുടരും)

## (5) **2007-ലെ കേരള എഞ്ചിനീയറിംഗ് കോളേജ് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തലും സീറ്റ് ഇരട്ടിപ്പിക്കലും ബിൽ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2007-ലെ കേരള എഞ്ചിനീയറിംഗ് കോളേജ് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തലും സീറ്റ് ഇരട്ടിപ്പിക്കലും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സാമ്പത്തിക ബുദ്ധിമുട്ടു മൂലം സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ നിലവിലുള്ള കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തണമെന്നാണ് ബില്ലിൽ ഉദ്ദേശിക്കുന്നത്. ഈ കാര്യം സർക്കാർ പരിശോധിക്കുകയും ഇത് നടപ്പിലാക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയും ചെയ്തു. മാത്രമല്ല ഇതിന് എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിക്കാൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ ഈ ബില്ലിനെ അംഗീകരിക്കുവാൻ കഴിയുകയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സംസ്ഥാനത്തെ പാവപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമായിക്കൂടാ എന്ന കാര്യത്തിൽ എല്ലാവരും ഏക അഭിപ്രായക്കാരാണ്. പ്രൊഫഷണൽ കോളേജുകളിലെ സീറ്റ് പരിമിതമായതുകൊണ്ടാണ് സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ഉണ്ടായത്. നിർദ്ധന കുടുംബത്തിലേയും ഇടത്തരക്കാരായ കുടുംബത്തിലേയും കുട്ടികൾക്ക് ഉന്നത റാങ്ക് ഉണ്ടായിട്ടും സാമ്പത്തിക പരാ

ധീനത കാരണം ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. സാമ്പത്തിക പരാധീനതയ്ക്കുള്ളിൽ നിന്നുകൊണ്ട് പുതിയ കോളേജുകൾ തുടങ്ങുവാൻ സർക്കാരിന് കഴിയുകയില്ല. അതുകൊണ്ട് അവർക്ക് കൂടി പ്രവേശനം നൽകാൻ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സർക്കാർ ഗൗരവതരമായി ചിന്തിക്കണം. സർക്കാരിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ഇതിന് അനുമതി നൽകാമെന്നാണ് എ.ഐ.സി.ടി.ഇ. പറയുന്നത്. ഇക്കാര്യം ഒന്നുകൂടി പരിശോധിക്കാൻ സർക്കാർ തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): എ.ഐ.സി.ടി.ഇ.യുടെ മാനദണ്ഡമനുസരിച്ച് ഓരോ കോഴ്സിനും ആഴ്ചയിൽ 34 മണിക്കൂർ contact hours ആവശ്യമാണ്. എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിച്ചാൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ക്ളാസ്സുകൾ രാവിലെ 7.00 മണി മുതൽ രാത്രി 8.30 വരെ പ്രവർത്തിപ്പിക്കേണ്ടിവരും. ഇത് ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ മനസ്സിലാക്കിയതിൽനിന്ന് ഷിഫ്റ്റ് സമ്പ്രദായം പ്രായോഗികമല്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇക്കാര്യം ഒന്നുകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനസമയം രാവിലെ 10 മണിമുതൽ വൈകുന്നേരം നാലുമണിവരെയാണ്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും അധ്യാപകർക്ക് ഓണറേറിയം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയും

ചെയ്തുകൊണ്ട് കേന്ദ്ര ഗവണ്മെന്റ് ചെയ്യുന്നതുപോലെ കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ സ്ഥാപിച്ച് വൈകുന്നേരം 4 മണിക്കുശേഷം പാവപ്പെട്ട കുട്ടികൾക്ക് ടെക്നിക്കൽ വിദ്യാഭ്യാസം നൽകുന്നത് പ്രയോജനപ്രദമായിരിക്കും. വൈകുന്നേരം 5 മണിമുതൽ രാത്രി 9 മണിവരെ പാർട്ട് ടൈം ബി.ടെക് കോഴ്സുകൾ നടത്തുന്നുണ്ട്. അതുകൊണ്ട് പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കണം.

(ചർച്ച തുടരും)

**6. 2007-ലെ കേരള പ്ലാസ്റ്റിക് വസ്തുക്കൾ, ജൈവജീർണ്ണേതര മാലിന്യങ്ങൾ (നിരോധനവും നിയന്ത്രണവും) ബിൽ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 2007-ലെ കേരള പ്ലാസ്റ്റിക് വസ്തുക്കൾ, ജൈവജീർണ്ണേതര മാലിന്യങ്ങൾ (നിരോധനവും നിയന്ത്രണവും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രമേയത്തെ പിൻതാങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ചുള്ള 1999-ലെ ചട്ടങ്ങൾ, 2000-ലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് റൂൾസ്, പഞ്ചായത്ത് രാജ് ആക്ടും ചട്ടങ്ങളും, മുനിസിപ്പാലിറ്റീസ് ആക്ടും ചട്ടങ്ങളും, സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണബോർഡും തദ്ദേശ ഭരണ സ്ഥാപനങ്ങളും നടപ്പാക്കിവരികയാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് മേൽപ്പറഞ്ഞ ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലുള്ളതിനാൽ ഇതിനുമാത്രമായി പ്രത്യേക നിയമനിർമ്മാണം ആവശ്യമില്ല. നിലവിലുള്ള നിയമങ്ങൾ കൂടുതൽ

കർക്കശമായി നടപ്പാക്കുകവഴി ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ സഫലീകരിക്കാൻ കഴിയും. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കാനാവില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സംസ്ഥാനം നേരിടുന്ന ഗുരുതരമായ ഒന്നാണ് മാലിന്യപ്രശ്നം. ഡിസ്പ്പോസ് ചെയ്യാൻ കഴിയാത്തവിധത്തിൽ പ്ളാസ്റ്റിക് മാലിന്യം വർദ്ധിച്ചുവരികയാണ്. പ്ളാസ്റ്റിക് മാലിന്യനിരോധനത്തിന് ഹിമാചൽ പ്രദേശ്, ന്യൂഡൽഹി എന്നീ സംസ്ഥാനങ്ങളിൽ സമഗ്രനിയമങ്ങളുണ്ട്, എന്നാൽ കേരളത്തിൽ റൂൾ മാത്രമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് മാലിന്യങ്ങൾ പുഴകളിലേയ്ക്ക് വലിച്ചെറിയുന്നതുൾപ്പെടെ പ്ളാസ്റ്റിക് മലിനീകരണം നടത്തുന്നവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്തണം.

(ചർച്ച തുടരും)

7. 2008-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 2008-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രമേയത്തെ പിൻതാങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : വളരെ പ്രധാനപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് ന്യൂനപക്ഷ കമ്മീഷൻ ബിൽ. നിയമപരമായി പരിശോധിച്ചാൽ പ്രസ്തുത ബിൽ അവതരിപ്പിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല, എന്നാൽ സഞ്ചിതനിധിയിൽ നിന്ന് 50 ലക്ഷംരൂപ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ബിൽ അവതരിപ്പിക്കുന്നതിന് ഗവർണറുടെ ശുപാർശ വേണം. ന്യൂനപക്ഷത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി

ആധികാരികമായ സംവിധാനം എന്ന നിലയിലാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ബില്ലിന്റെ സ്പിരിറ്റിനോട് ഗവണ്മെന്റ് പൂർണ്ണമായും യോജിക്കുന്നു. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന് ഒരു വിട്ടുവീഴ്ചയുമില്ലാത്തതുകൊണ്ടാണ് കേന്ദ്ര ഗവണ്മെന്റിന്റെ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവണ്മെന്റ് പാലോളി കമ്മിറ്റി നിയമിച്ചത്. സഭയിൽ അവതരിപ്പിക്കപ്പെട്ട ബില്ലിലെ വിഷയങ്ങൾ ഗവണ്മെന്റ് സജീവമായി പരിശോധിച്ചുരികയാണ് ബില്ലിന്റെ ഉള്ളടക്കത്തോട് ഗവണ്മെന്റ് യോജിക്കുന്നുണ്ടെങ്കിലും ഇപ്പോൾ ഇത്തരത്തിൽ ഒരു ബില്ലിന് പ്രസക്തിയില്ലാത്തതിനാൽ പിൻവലിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ഗവണ്മെന്റിന് ഈ കാര്യത്തിൽ താൽപ്പര്യമുണ്ടെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശയിൽ പറയുന്നത് എല്ലാ സംസ്ഥാനങ്ങളും പ്രത്യേകം പ്രത്യേകം ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിക്കണമെന്നാണ്. ധാരാളം സംസ്ഥാനങ്ങൾ ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിച്ചുവെങ്കിലും കേരളം മാത്രമാണ് അക്കാര്യത്തിൽ വൈമുഖ്യം കാണിക്കുന്നത്. മന്ത്രി യോജിപ്പ് പ്രകടിപ്പിച്ച സ്ഥിതിക്ക് ന്യൂനപക്ഷ കമ്മീഷൻ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശയിലും ന്യൂനപക്ഷ സംരക്ഷണമാണ് ഉദ്ദേശിക്കുന്നത്. പാലോളി കമ്മിറ്റി റിപ്പോർട്ടിൽ ന്യൂനപക്ഷ ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച 15 ഇന പരിപാടികളിൽ ഉൾപ്പെടുത്തി ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അതുപോലെ ന്യൂനപക്ഷ കമ്മീഷനും

ഡിപ്പാർട്ടുമെന്റും സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

**(8) 2008-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 2008-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രമേയത്തെ പിൻതാങ്ങുന്നു.

. നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബിൽ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : എന്തുകൊണ്ടാണ് ബിൽ അംഗീകരിക്കാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. പെപ്സി കമ്പനിക്കും കൊക്കകോള കമ്പനിക്കും പഞ്ചായത്ത് ലൈസൻസ് നിഷേധിച്ചു. എന്നാൽ ഈ കേസ് സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിയിൽ പഞ്ചായത്തിന് ലൈസൻസ് നിഷേധിക്കാൻ അവകാശമില്ലെന്നാണ് പറഞ്ഞത്. അതിനുള്ള കാരണമായി ചൂണ്ടിക്കാണിച്ചത്, ഇൻഡസ്ട്രിയൽ ആക്ടിലെ വ്യവസ്ഥപ്രകാരം സിംഗിൽ വിൻഡോ സിസ്റ്റത്തിൽ ഇൻഡസ്ട്രിയൽ ഏരിയയായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിലെ വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് നിഷേധിക്കാൻ പഞ്ചായത്തിന് അധികാരമില്ലെന്നുള്ളതാണ്. അതിനാൽ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ പഞ്ചായത്തിന്റെ അധികാരം നിലനിർത്താൻ സാധിക്കുകയുള്ളൂ. തദ്ദേശഭരണം എന്നാൽ ഒരു ലോക്കൽ ഗവണ്മെന്റാണ്. അമിതമായി ജലചൂഷണം നടത്തുന്ന വ്യവസായ

സ്ഥാപനങ്ങളുടെ ലൈസൻസ് നിരോധിക്കാൻ പഞ്ചായത്തിന് അധികാരം നൽകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പെപ്സി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള കേസ്സിന്റെ വിധി വന്ന 2003-04-ൽ സംസ്ഥാനം ഭരിച്ചിരുന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. എന്തായാലും ഇതിന്റെ നിയമവശങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. സർക്കാരിന്റെ ആത്മാർത്ഥ തയെ ചോദ്യം ചെയ്യേണ്ട കാര്യമില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അത് പുന:പരിശോധിക്കണം. പെപ്സി കമ്പനിക്ക് ലൈസൻസ് കൊടുത്തത് മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്.

(ചർച്ച തുടരും)

## (9) 2007-ലെ കേരള താറാവ് കർഷക-തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2007-ലെ കേരള താറാവ് കർഷക-തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ് : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): താറാവ് കർഷക-തൊഴിലാളി ക്ഷേമനിധി സംസ്ഥാനത്ത് രൂപീകരിക്കണമെന്നത് പ്രധാനപ്പെട്ട കാര്യമാണെങ്കിലും ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ അംഗസംഖ്യ പരിമിതമായതിനാൽ അവർക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യം പ്രായോഗികമല്ല. ഇവരെ

അസംഘടിത-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കാവുന്നതേയുള്ളൂ. ഈ ബിൽ അംഗീകരിക്കേണ്ടതില്ല.

ശ്രീ. എം. മുരളി : കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് താറാവ് കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ഒരു നിയമം കൊണ്ടുവരുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1992-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒന്നുരണ്ട് വർഷത്തേയ്ക്ക് താറാവ് കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയെങ്കിലും ഇൻഷ്വറൻസ് കമ്പനികൾ പ്രീമിയം വാങ്ങി കർഷകരെ വഞ്ചിക്കുകയാണുണ്ടായത്. താറാവ് കർഷകരുടെ അംഗസംഖ്യ കുറവല്ല. സംസ്ഥാനത്ത് ഏതാണ്ട് അമ്പതിനായിരം കുടുംബങ്ങളിലായി രണ്ട് ലക്ഷത്തോളം ആളുകൾ താറാവ് കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. ഡക്ക് ഫാം നവീകരിക്കാനുള്ള നടപടികളെ അഭിനന്ദിക്കുകയാണ്. അതിന്റെ പ്രയോജനം മൃഗസംരക്ഷണ വകുപ്പിലൂടെ താറാവ് കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഫലപ്രദമായ വാക്സിൻ ഇല്ലാത്തതുകൊണ്ടാണ് താറാവുകൾ ചത്തുപോകുന്നത്. മൽസ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും അക്വാകൾച്ചർ കർഷകർക്കും കടാശ്വാസ പദ്ധതി കൊണ്ടുവരുന്നതിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് ആലോചിക്കുകയാണ്. അതിൽ താറാവ് കർഷകരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (10) 2007-ലെ കേരള ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബിൽ

ശ്രീ. എം. മുരളി: 2007-ലെ കേരള ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ ബില്ലിന്റെ സ്പിരിറ്റിനോട് സർക്കാർ യോജിക്കുന്നു. ജലസമ്പത്തിന്റേയും ഉപഭോഗത്തിന്റേയും പരിരക്ഷ നിയമപരമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് കൊണ്ടുവന്നത്. അതിൽ ഭേദഗതി വരുത്തേണ്ടതുണ്ടോയെന്ന് ഗവൺമെന്റ് ആലോചിക്കും. ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നയസമീപനങ്ങളും ആവിഷ്ക്കരിച്ച് സമഗ്രമായ ഒരു ജലനയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത് നിയമമാക്കേണ്ട ആവശ്യമില്ല.

ശ്രീ. എം. മുരളി: ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതും മലീമസമാക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു ബില്ലിന് അവതരണാനുമതി തേടിയിരിക്കുന്നത്. പ്രകൃതിയും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽ ഏറ്റവും കൂടുതൽ വിധേയമാകുന്നത് കാടുകളും ജലാശയങ്ങളുമാണ്. ഇവയ്ക്ക് സ്റ്റാറ്റ്യൂട്ടറി പ്രൊട്ടക്ഷൻ നൽകാൻ നടപടി സ്വീകരിക്കണം. നീർത്തട സംരക്ഷണ അതോറിറ്റി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിന്റെ ചുവടു പിടിച്ചുകൊണ്ട് സമഗ്രമായ ഒരു ജലനയം സഭയിൽ പ്രഖ്യാപിക്കും. ആ നയത്തിന്റെ ഭാഗമായി പ്രസ്തുത നിയമത്തിൽ ഭേദഗതി ആവശ്യമുണ്ടെങ്കിൽ വരുത്തും.

(ചർച്ച തുടരും)

## (11) 2006-ലെ സംസ്ഥാന സ്വകാര്യ സ്ഥാപനങ്ങൾ (നിയമനങ്ങളിൽ സാമുദായിക സംവരണം ഏർപ്പെടുത്തൽ) ബിൽ

ശ്രീ. വി. ചെന്താമരാക്ഷൻ: 2006-ലെ സംസ്ഥാന സ്വകാര്യ സ്ഥാപനങ്ങൾ (നിയമനങ്ങളിൽ സാമുദായിക സംവരണം ഏർപ്പെടുത്തൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.കെ.പി. പത്മനാഭൻ : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ബില്ലിനെ അംഗീകരിക്കുന്നില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: ഭരണഘടനാടിസ്ഥാനത്തിൽ പിന്നോക്ക-പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസുകളിൽ ജോലി സാധ്യത കുറഞ്ഞ സാഹചര്യത്തിലും ലക്ഷക്കണക്കിന് തൊഴിൽ സാധ്യതകൾ സ്വകാര്യ മേഖലയിൽ വളർന്നുവരുന്ന സാഹചര്യത്തിലും സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ഇതിലൂടെ മാത്രമേ പിന്നോക്ക-പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിക്കൂ.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഭരണപരമായ കാരണംമൂലമാണ് ഇതിനെ എതിർക്കുന്നത്. വളരെ പ്രാധാന്യമുള്ള ഈ നിയമത്തോട് തത്വത്തിൽ യോജിക്കുന്നു. സ്വകാര്യ-ആഗോളവൽക്കരണ കാലഘട്ടത്തിൽ സർക്കാരിന്റെ ശ്രദ്ധ ഗൗരവമായി പതിക്കേണ്ട ഒരു വിഷയത്തിലേയ്ക്കാണ് വിരൽ ചൂണ്ടിയിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ ഒതുങ്ങുന്ന വിഷയമല്ല. ഭരണഘടനയുടെയും മൗലിക അവകാശങ്ങളുടെയും അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ഉയർന്നുവരേണ്ട പ്രശ്നമാണ്. അതിന് സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യും. ദേശീയതലത്തിൽ ഇത് ഉയർത്തിക്കൊണ്ടുവരാൻ മുൻകയ്യെടുക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ ആഗോള-സാമ്പത്തിക- അടിസ്ഥാന-സേവന മേഖലകളിൽനിന്നും സർക്കാർ പിൻമാറുന്നതുകൊണ്ടാണ് സർക്കാർ സർവ്വീസിൽ ജോലി സാധ്യത കുറയുന്നത്.

(ചർച്ച തുടരും)

## (12) 2007-ലെ കർഷക നീതി ഉറപ്പാക്കൽ നിയമസംരക്ഷണ ബിൽ

ശ്രീ. എം.കെ. പ്രേംനാഥ്: 2007-ലെ കർഷക നീതി ഉറപ്പാക്കൽ നിയമസംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. സുരേന്ദ്രൻപിള്ള : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബില്ലിനെ അംഗീകരിക്കുന്നില്ല. പ്രായോഗിക നടപടി എന്ന നിലയിൽ മാത്രമേ ഗവൺമെന്റ് ഇതിനെ കാണുന്നുള്ളൂ.

ശ്രീ. എം.കെ. പ്രേംനാഥ് : കേരളം ഒരു കർഷക സംസ്ഥാനമാണ്. കർഷകരെ സഹായിക്കാൻ ഒട്ടനവധി നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

.......